**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1289** **14-03-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | ഗുരുവായൂർ നിയോജക മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 5 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ചാവക്കാട് മണത്തല ജി.എച്ച്.എസ്.എസ് സ്കൂളിന്റെ അക്കാഡമിക് ബ്ലോക്ക് 1 ന്റെ നിർമ്മാണം പൂർത്തീകരിച്ചു. അക്കാഡമിക് ബ്ലോക്ക് 2 ന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. 3 കോടി കിഫ്ബി പദ്ധതി- കൊച്ചന്നൂർ ഗവ.എച്ച്.എസ്.എസ് സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ചു. 1 കോടി കിഫ്ബി പദ്ധതി ഗവ. എച്ച്.എസ്.എസ്.ചാവക്കാട്, ജി.എച്ച്.എസ്.കടിക്കാട് എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു. ജി.വി.എച്ച്.എസ്.എസ്. കടപ്പുറം സ്കൂളിന് സ്ഥലത്തിന്റെ ലഭ്യതക്കുറവ് കാരണം തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിന് പകരം മറ്റൊരു സ്കൂളിന് അനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. ഇതുകൂടാതെ പ്ലാൻ ഫണ്ട്, എം.എൽ.എ ഫണ്ട്, നബാർഡ് ഫണ്ട് തുടങ്ങിയവ ഉപയോഗിച്ചും പൊതു വിദ്യാലയങ്ങളുടെ നവീകരണം നടന്നു വരുന്നു. |
| (ബി) | ഗുരുവായൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ (പുതിയ കെട്ടിടം മുതലായവ) ലഭ്യമാക്കാത്ത സ്കൂളുകളുടെ വിശദാംശങ്ങൾ നൽകാമോ? | (ബി) | ഇതു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ജി.എം.എൽ.പി.എസ്.പുന്നയൂർ, ജി.എം.എൽ.പി.എസ്.വടക്കേക്കാട്, ജി.എം.എൽ.പി.എസ്.പുന്നയൂർ നോർത്ത്, ജി.ഡബ്ല്യൂ.എൽ.പി.എസ്.കുരഞ്ഞിയൂർ, ജി.എൽ.പി.എസ്.ഇരട്ടപ്പുഴ, ജി.എം.എൽ.പി.എസ്.അണ്ടത്തോട്, ജി.എം.എൽ.പി.എസ്.കുപ്രവള്ളി, ജി.എം.എൽ.പി.എസ്.ഇടക്കഴിയൂർ, ജി.എം.എൽ.പി.എസ്.എടക്കഴിയൂർ, |

| | | | |
|---|---|---|---|
| | | | ജി.എം.എൽ.പി.എസ്.തിരുവത്ര, ജി.എൽ.പി.എസ്. കാരയൂർ, |

സെക്ഷൻ ഓഫീസർ